Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

05th January 2018

## 20 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി പതിമൂന്ന് ജില്ലകളിലെ 20 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, ജില്ലകളിലെ 17 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ഒരു നഗരസഭ വാർഡിലും വയനാട്, കാസർഗോഡ് ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

അപേക്ഷകളും ആക്ഷേപങ്ങളും ഇന്നു മുതൽ (ജനുവരി 5) 19 വരെ ഓൺലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന്-ഫാറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന്-ഫാറം 6, പോളിംഗ് സ്റ്റേഷൻ/വാർഡ് സ്ഥാനമാറ്റം-ഫാറം 7 ലും ഉള്ള അപേക്ഷകൾ ഓൺ ലൈനായി സ്വീകരിക്കും. പേര് ഒഴിവാക്കുന്നതിന് -ഫാറം5 ൽ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ വേണം അപേക്ഷിക്കേണ്ടത്.

അവകാശവാദങ്ങളിന്മേൽ ജനുവരി 29ന് തീർപ്പ് കൽപ്പിച്ച് 30ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2018 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത് നഗരസഭ താലൂക്ക് ഓഫീസുകളിലും പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട ബ്ലോക്ക്

പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിലെ പട്ടിക www.lsgelection.kerala.gov.in/eroll ൽ ലഭിക്കും.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത് , വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം-വിളപ്പിൽ-നൂലിയോട്, കൊല്ലം- ഉമ്മന്നൂർ- അണ്ടൂർ, നെടുമ്പന-പുലിയില, പത്തനംതിട്ട- തണ്ണിത്തോട് - മണ്ണീറ, ചെറുകോൽ- മഞ്ഞപ്രമല, ആലപ്പുഴ- എഴുപുന്ന- കുമാരപുരം, തകഴി-കളത്തിൽപാലം, കോട്ടയം-മുത്തോലി-തെക്കുംമുറി നോർത്ത്, എറണാകുളം- രാമമംഗലം- നെട്ടൂപാടം, വടവുകോട്പുത്തൻകുരിശ്- കരിമുകൾ നോർത്ത്, തൃശൂർ- എളവള്ളി-പറയ്ക്കാട് , ചാഴൂർ-പഴുവിൽനോർത്ത്, പാലക്കാട്- കുലുക്കല്ലൂർ- മപ്പാട്ടുകര വെസ്റ്റ്, മലപ്പുറം- തവന്നൂർ- കൂരട, വെട്ടം-കോട്ടേക്കാട്, വയ നാട്-തിരുനെല്ലി-അപ്പപ്പാറ, കണ്ണൂർ- പേരാവൂർ-പേരാവൂർ.

കോഴിക്കോട് കൊടുവള്ളി നഗരസഭയിലെ തലപ്പെരുമണ്ണ വാർഡ്, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ പടിഞ്ഞാറത്തറ വാർഡ്( പടിഞ്ഞാ റത്തറ ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4, 10, 11 12, 13, 14, 16 വാർഡുകൾ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് അമ്പലത്തുകര വാർഡ് (മടിക്കൈ ഗ്രാമപഞ്ചായത്തിലെ 2, 10, 11, 12, 13, 14, 15 വാർഡുകൾ, അജാനൂർ ഗ്രാമപഞ്ചായത്തിലെ 9, 10 വാർഡുകൾ) ലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

*(എസ്.ഇ.സി.02 /2018)*